(ഡി) വിദേശ സഹായത്തിലൂടെ സംഘടനകൾ കൈപ്പറ്റുന്ന തുകയും അവയുടെ ചെലവും സംബന്ധിച്ച കൃത്യവും പൂർണ്ണവുമായ വിവരം ലഭ്യമല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് സൂപ്രണ്ടിന് (തിരുവനന്തപുരം റേഞ്ച്) നിർദ്ദേശം നൽകിയിട്ടുണ്ട്. സംഘടനയുടെ പ്രവർത്തനം രാജ്യത്തിനും മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കും അനുസൃതമല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഉത്തരം (എഫ്)-ന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

ചെയർമാൻമാരുടെ നിയമനം

9 (4444) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ കോർപ്പറേഷനുകളുടെയും കമ്പനി ബോർഡുകളുടെയും ചെയർമാൻമാരുടെ നിയമനം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(ബി) 51%-ൽ അധികം സർക്കാർ ഷെയറുള്ള സഹകരണ സ്ഥാപനങ്ങളുടെ ചെയർമാൻമാരുടെ നിയമനം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പി.എസ്.സി.ലിസ്റ്റ് നിലവിലിരിക്കെ സ്ഥിരം ഒഴിവുകളിൽ നടത്തുന്ന താൽക്കാലിക നിയമനങ്ങൾ

10 (4445) ശ്രീ. എ. സുജനപാൽ :
ശ്രീ. എ. കെ. മണി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലുണ്ടായിരുന്ന സ്ഥിരം ഒഴിവുകളിൽ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് ഉള്ളപക്ഷം അതിൽനിന്ന് നിയമനം നടത്തണമെന്ന് വ്യവസ്ഥയുണ്ടോ ;

(ബി) ഗവൺമെന്റ് വകുപ്പുകൾ ഈ വ്യവസ്ഥ പാലിക്കാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly